കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ ആഭിമുഖ്യത്തിൽ 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി. ഹെക്ടറിന് 15,000 രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.

കയ്യാട് സമഗ്ര വികസന പദ്ധതി

154 (1523) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കൃഷിവകുപ്പിന് കീഴിൽ കയ്യാട് സമഗ്ര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രോജക്ടിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

കൃഷിവകുപ്പിന് കീഴിൽ കയ്യാട് സമഗ്ര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കാർഷിക സർവ്വകലാശാല അസോസിയേറ്റ് പ്രൊഫസർ തയ്യാറാക്കിയ പ്രോജക്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടിയെക്കുറിച്ചുള്ള വിവരം കൃഷിവകുപ്പിൽ ലഭ്യമല്ല.

മണലൂർ നിയോജകമണ്ഡലത്തിലെ 'നിറവ്' പദ്ധതി പ്രവൃത്തികൾ

155 (1524) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽ 'നിറവ് 'പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 മണലൂർ നിയോജകമണ്ഡലത്തിലെ 'നിറവ്' പദ്ധതിയിൽപ്പെട്ട താഴെപ്പറയുന്ന പദ്ധതികൾക്ക് അനുമതി നൽകുകയുണ്ടായി :

1. ജാതികൃഷി വ്യാപനം	35 ഹെ.	7 ലക്ഷം
2. വാഴ കൃഷി വ്യാപനം	104 ഹെ.	27.3 ലക്ഷം
3. പുളിക്കെട്ട നിർമ്മാണം	57 എണ്ണം	371.01 ലക്ഷം
	ആകെ	405.31 ലക്ഷം

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മണലൂർ നിയോജക മണ്ഡലത്തിൽ, നിറവ് പദ്ധതിയിൽ 12.375 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയത്. ഹെക്ടറൊന്നിന് 22,500 രൂപ ധനസഹായത്തോടെ 10 ഹെക്ടറിൽ പച്ചക്കറികൃഷി വ്യാപനം, 3000 കിഴങ്ങുവർഗ്ഗവിള കിറ്റുകളുടെ വിതരണം എന്നീ പദ്ധതികളാണ് നടപ്പിലാക്കിയത്.

(ബി)

1	ജാതികൃഷി വ്യാപനം	പൂർത്തിയായി.
2	വാഴ കൃഷി വ്യാപനം	സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.
3	പുളിക്കെട്ട നിർമ്മാണം	3 പുളിക്കെട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 20 പുളിക്കെട്ടുകൾ ടെണ്ടർ ചെയ്ത് നിർമ്മാണത്തിലേയ്ക്ക് കടക്കുന്നു.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഫീൽഡ് തലത്തിൽ പൂർത്തിയായിക്കഴിഞ്ഞു. ധനസഹായവിതരണം , ഉടൻതന്നെ പൂർത്തിയാക്കുന്നതാണ്.

സംയോജിത കാർഷിക വികസന പദ്ധതി

156 (1525) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി നെൽകൃഷി, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനായി പ്രഖ്യാപിച്ച